DESPATCHED On. 9/12/22...

30/12/2021

സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

**ഹർജി നമ്പർ AP.No.752(5)/19/SIC**
**തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No. 5820/SIC-G7/2019**

**സന്നിഹിത**
**ശ്രീമതി. ശ്രീലത പി.ആർ.,സംസ്ഥാനവിവരാവകാശ കമ്മീഷണർ**
**ഉത്തരവ് തീയതി: 30.12.2021**

| | |
|---|---|
| ശ്രീ. പ്രജിത്ത് എം.,<br>അഷിൻവില്ല,<br>മാതോടം, കണ്ണാടിപ്പറമ്പ പി.ഒ.,<br>കണ്ണൂർ – 670 604. | അപ്പീൽഹർജിക്കാരൻ |
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>അസിസ്റ്റന്റ് കമ്മീഷണറുടെ ഓഫീസ്,<br>മലബാർ ദേവസ്വം ബോർഡ്,<br>തലശ്ശേരി, കണ്ണൂർ.<br><br>അപ്പീൽഅധികാരി,<br>കമ്മീഷണറുടെ ഓഫീസ്,<br>മലബാർ ദേവസ്വം ബോർഡ്,<br>ഹൗസ്ഫെഡ് കോംപ്ലക്സ്,<br>എരഞ്ഞിപ്പാലം പി. ഒ., കോഴിക്കോട്. | എതിർകക്ഷികൾ |

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 25.01.2019 |
| പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസറുടെമറുപടി | 18.02.2019 |
| ഒന്നാംഅപ്പീൽ | 27.02.2019 |
| അപ്പീൽ അധികാരിയുടെതീരുമാനം | 26.03.2019 |
| രണ്ടാംഅപ്പീൽ | 02.04.2019 |

1. അപ്പീൽ ഹർജിക്കാരൻ സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസറോട് വിവരാവകാശ നിയമ പ്രകാരമുളള അപേക്ഷയിലൂടെ ആവശ്യപ്പെട്ടത്, മലബാർ ദേവസ്വം ബോർഡിന് കീഴിലുളള കണ്ണാടിപ്പറമ്പ് ദേവസ്വം ശ്രീ ധർമ്മശാസ്താ ക്ഷേത്രത്തിൽ എക്സിക്യൂട്ടീവ് ഓഫീസർ, ക്ലാർക്ക്, പൂജാരി, കഴകം, വാദ്യം, സെക്യൂരിറ്റി, കലശം എന്നീ തസ്തികകളിൽ എത്ര സ്ഥിരം ജീവനക്കാരുണ്ട്? അവരുടെ ഓരോരുത്തരുടേയും മാസ ശമ്പളമെത്ര? സ്ഥിരം ജീവനക്കാരുടെ പേരും അഡ്രസ്സും, സ്ഥിരപ്പെടുത്തിയ വർഷം ഏത്? കണ്ണാടിപ്പറമ്പ് ദേവസ്വത്തിൽ എത്ര താല്കാലിക ജീവനക്കാരുണ്ട്? അവരുടെ പേരും അഡ്രസ്സും, അവർക്ക് കൊടുക്കുന്ന വേതനമെത്ര, ദിവസക്കൂലിയാണോ, മാസ ശമ്പളമാണോ, മൊത്ത ശമ്പളമാണോ ? ഇവയിൽ ഏതാണ് നൽകുന്നത്, അവ എത്രയാണ് എന്നിങ്ങനെയുളള വിവരങ്ങളാണ്.
2. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷിയിൽ നിന്നും വ്യക്തമായ മറുപടി ലഭ്യമായില്ലെന്നും വ്യക്തമായ വിവരം ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും കാണിച്ചുകൊണ്ട് അപ്പീൽ ഹർജിക്കാരൻ ഒന്നാം അപ്പീൽ സമർപ്പിച്ചു. എന്നാൽ ഒന്നും രണ്ടും എതിർകക്ഷികളിൽ നിന്നും വ്യക്തമായ മറുപടി ലഭിച്ചില്ലെന്ന് ആരോപിച്ചു കൊണ്ട് അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു.
3. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളെയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു. ടെലഫോൺ മുഖാന്തിരം നടത്തിയ നേർ വിചാരണയിൽ ഒന്നാം എതിർകക്ഷിയും അപ്പീൽ ഹർജിക്കാരനും ഹാജരായിരുന്നു. അപ്പീൽ ഹർജിക്കാരൻ കമ്മീഷനെ അറിയിച്ചത്, 25.01.2019 തീയതിയിലെ വിവരാവകാശ അപേക്ഷയ്ക്ക് ലഭ്യമായ മറുപടി തൃപ്തികരമല്ല എന്നും മലബാർ ദേവസ്വം ബോർഡിന് കീഴിലുളള കണ്ണാടിപ്പറമ്പ് ദേവസ്വത്തിലെ ജീവനക്കാരുടെ വിവരമാണ് ആവശ്യപ്പെട്ടത് എന്നും എന്നാൽ വിവരം കൃത്യമായിട്ട് നൽകിയിട്ടില്ല എന്നും ഇപ്പോഴത്തെ ജീവനക്കാരുടെ വിവരമാണ് ആവശ്യപ്പെട്ടത് എന്നുമറ്റുമാണ്.
4. മേൽ പരാമർശ വിഷയവുമായി ബന്ധപ്പെട്ട് എസ്.പി.ഐ.ഒ സമർപ്പിച്ച റിപ്പോർട്ടിലും മൊഴിയിലും കണ്ണാടിപ്പറമ്പ് ശ്രീ ധർമ്മശാസ്താക്ഷേത്രം മലബാർ ദേവസ്വം ബോർഡ് തലശ്ശേരി അസിസ്റ്റന്റ് കമ്മീഷണറുടെ അധികാര പരിധിയിൽ വരുന്ന ക്ഷേത്രമാണെന്നും ജീവനക്കാരുടെ വിവരങ്ങൾ അടങ്ങുന്ന മലബാർ ദേവസ്വം ബോർഡ് അംഗീകരിച്ച ശമ്പള പട്ടിക പകർപ്പ് ഈ ഓഫീസിൽ നിന്നും നൽകിയിട്ടുണ്ട് എന്നും ക്ഷേത്രത്തിലെ താൽക്കാലിക ജീവനക്കാരുടെ നിയമനം നടത്തുന്നത് അതാത് ക്ഷേത്രഭരണാധികാരികളാണ് എന്നും ജീവനക്കാരെ നിയമാനുസൃതം നിയമനം നടത്തി അംഗീകാരത്തിനായി അപേക്ഷ സമർപ്പിക്കുമ്പോൾ മാത്രമാണ് ഈ ഓഫീസിൽ വിവരങ്ങൾ ലഭ്യമാകുന്നതെന്നും എന്നാൽ താൽക്കാലിക ജീവനക്കാരുടെ നിയമനം, ഇന്റർവ്യൂ സംബന്ധിച്ച് വിവരങ്ങൾ ഒന്നും തന്നെ ഈ ഓഫീസിൽ ലഭ്യമല്ലെന്നും കണ്ണാടിപറമ്പ് ശ്രീ ധർമ്മാശാസ്താക്ഷേത്രം 'ബി' ഗ്രേഡിൽപ്പെടുന്ന ക്ഷേത്രമാണെന്നും മേൽ ക്ഷേത്രത്തിന്

മലബാർ ദേവസ്വം ബോർഡിൽ നിന്ന് ശമ്പളകുടിശ്ശിക നൽകുന്നില്ലെന്നും ക്ഷേത്രത്തിൻെറ തനതു ഫണ്ടിൽ നിന്നാണ് ശമ്പളം നൽകുന്നതെന്നും ആയതിനാൽ വേതനം നൽകുന്നത് സംബന്ധിച്ച വിവരങ്ങൾ ഒന്നുംതന്നെ ടി ഓഫീസിൽ ലഭ്യമല്ലെന്നും അപ്പീൽഹർജിക്കാരൻ ടി ഓഫീസിൽ ലഭ്യമായ രേഖകൾ എല്ലാം ഒപ്പ് വച്ച് കൈപ്പറ്റിയിട്ടുണ്ട് എന്നാണ്.

5. അപ്പീൽ ഹർജിയും മറ്റ് അനുബന്ധരേഖകളും പരിശോധിക്കുമ്പോൾ, ലഭ്യമാക്കാവുന്ന വിവരം നൽകിയിട്ടുള്ളതായി കമ്മീഷന് ബോധ്യപ്പെട്ടു. എസ്.പി. ഐ. ഒ യുടെ മൊഴിയുടെയും റിപ്പോർട്ടിൻെറയും അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജിയിൻമേൽ മറ്റ് നടപടികൾ ആവശ്യമില്ല എന്ന് വിലയിരുത്തി ഇന്നേദിവസം 2021 ഡിസംബർ മാസം 30-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

Gs